**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്:

**www.dhs.kerala.gov.in**

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ സുനിൽ എ സലീം **(Dr Sunil A Salim PEN 643558)**, അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എ1-3064/2019/ജിമെആ കൊല്ലം തീയതി **16.03.2019**
2. ഡോ സുനിൽ എ സലീം സമർപ്പിച്ച അപേക്ഷ തീയതി **03.11.2018**
3. എ1-3064/2019/ജിമെആ കൊല്ലം തീയതി **12.07.2019**
4. **GE05/H/S85-05/4356** തീയതി **19.02.2019**
5. ഉത്തരവ് നം ഇഎ2- **39096/2012**/ആവഡ തീയതി **19.05.2012**
6. സഉ(അച്ചടി) നം **55/2020**/ആകുവ തീയതി **16.09.2020**
7. എ3/306/2019/ഹെൽത്ത് തീയതി **15.03.2021**
8. നം ഇഎ4- **92577/2018**/ആവഡ തീയതി **14.06.2021**
9. നം ഇഎ4- **92577/2018**/ആവഡ തീയതി **20.07.2021**
10. കാരണം കാണിക്കൽ നോട്ടീസ് നം **DHS/13787/2025-EA4**

തീയതി 04.02.2026

11. ഡോ സുനിൽ എ സലീം സമർപ്പിച്ച അപേക്ഷ തീയതി 23.03.2026

**ഉത്തരവ് നം. DHS/13787/2025-EA4 തീയതി. #ApprovedDate#**

ഡോ സുനിൽ എ സലീം (**Dr Sunil A Salim PEN 643558**) എന്ന താങ്കൾ കൊല്ലം കൊട്ടാരക്കര താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് **06.06.2012** അപരാഹ്നം സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നെങ്കിലും ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്തിരുന്നില്ല. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് **03.11.2018** തീയതി രേഖപ്പെടുത്തി പരാമർശം **(2)** പ്രകാരം അപേക്ഷ സമർപ്പിച്ചു. **07.06.2012** തീയതി മുതൽ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം **(2)** ലെ താങ്കളുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും ടി വിവരം സർക്കാരിലേയ്ക്ക് അറിയിക്കുകയും ചെയ്തിരുന്നു. സർവ്വീസിൽ പുന പ്രവേശിക്കുന്നതിനായി പരാമർശം **(6)** സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം **(7)** പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(8), (9)** പ്രകാരം ഡോ സുനിൽ എ സലീമിന് അറിയിപ്പ് നൽകിയിരുന്നെങ്കിലും ടി നിർദ്ദേശം പാലിക്കുന്നതിന് ടിയാൾ തയ്യാറായില്ല.

**(2) 17.09.2008** തീയതി സേവനത്തിൽ പ്രവേശിച്ച ഡോ സുനിൽ എ സലീം പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ

19(a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (11) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്നു എന്നും, ശാരീരിക ബുദ്ധിമുട്ടുകൾ കാരണം യാത്രാ ക്ലേശം ഉണ്ട് എന്നും, കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ജോലിയ്ക്കു ഹാജരാകാനുള്ള ആരോഗ്യ സ്ഥിതി ഇല്ലാതിരുന്നു എന്നും, ജോലിയ്ക്ക് റിപ്പോർട്ട് ചെയ്താൽ അവധി അനുവദിക്കാൻ സാധ്യമല്ലെന്ന് കരുനാഗപ്പള്ളി താലൂക്കാശുപത്രി സൂപ്രണ്ട് അറിയിച്ചതായും, ടി സ്ഥാപനത്തിൽ ജോലിക്ക് ഹാജരാകാൻ കഴിഞ്ഞില്ലെന്നും പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിക്കുവാനുള്ള അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ നിബന്ധനകൾ (Bond) സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നു.

(3). ഡോ സുനിൽ എ സലീം സമർപ്പിച്ച പരാമർശം (11) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. കൊല്ലം കൊട്ടാരക്കര താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് 06.06.2012 അപരാഹ്നം സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നെങ്കിലും ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്തിരുന്നില്ല. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് 03.11.2018 തീയതിയിൽ പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചതിനാൽ സർവ്വീസിൽ പുന പ്രവേശിക്കുന്നതിനായി പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (7) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8), (9) പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ടി നിർദ്ദേശം പാലിക്കുന്നതിന് ഡോ സുനിൽ എ സലീം തയ്യാറായിരുന്നില്ല. പരാമർശം (11) ലെ അപേക്ഷയിലും ബോണ്ട് സമർപ്പിക്കുവാൻ തയ്യാറാണോ എന്നതിനെ കുറിച്ച് ടിയാൾ

പരാമർശിച്ചിട്ടില്ല.

(4) ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. തരികെ പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമനാധികാരിയുടെ നിർദ്ദേശം പാലിക്കുന്നതിന് ഡോ സുനിൽ എ സലീം തയ്യാറായിട്ടില്ല. ടി കാരണങ്ങളാൽ പരാമർശം (11) ലെ അപേക്ഷ പരിഗണനാർഹമല്ല. ആയതിനാൽ 07.06.2012 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സുനിൽ എ സലീം അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സുനിൽ എ സലീം (Dr Sunil A Salim) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 16-04-2026
18:07:57

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sunil A Salim,**

**333 A, Ayaan, Neerazhi Lane, Ulloor,**

Medical College PO- TVM- 695011

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കൊല്ലം.

3. സൂപ്രണ്ട്,

താലൂക്കാശുപത്രി കൊട്ടാരക്കര, / കരുനാഗപ്പള്ളി.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ